**സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: ബീന.പി .എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി അസ്സിസ്റ്റന്റ്/ അസ്സിസ്റ്റന്റ് കൃഷി ഓഫിസർ തസ്തികയിൽ 2023 വർഷത്തിലെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള (INTER DISTRICT TRANSFER) പൊതുസ്ഥലം മറ്റത്തിന്റെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം :- 1) സർക്കാർ ഉത്തരവ് (P) നമ്പർ 3/2017/P&ARD, തീയതി: 25/02/2017
2) സർക്കാർ ഉത്തരവ് (Rt) നമ്പർ 147/2022/ Agri, തീയതി: 21/02/2022
3) സർക്കാർ ഉത്തരവ്(Ms) നമ്പർ 42/21/Agri, തീയതി: 26/02/2021
4) സർക്കാർ ഉത്തരവ് (Rt) നമ്പർ 257/2022/Agri,തീയതി: 27/03/2022
5) ഈ കാര്യാലയത്തിലെ 19/09/2023 തീയതിയിലെ സമ നമ്പർ സർക്കുലർ
6) ഈ കാര്യാലയത്തിലെ 04/10/2023 തീയതിയിലെ സമ നമ്പർ സർക്കുലർ
7) ഈ കാര്യാലയത്തിലെ18/11/2023 തീയതിയിലെ സമ നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ ADFW/8912/2023 SE 3 തീയതി . 08-01-2024</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് / അസ്സിസ്റ്റന്റ് കൃഷി ഓഫിസർ തസ്തികയിലെ ജീവനക്കാരുടെ 2023 പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ പരാമർശം 1, 2 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം ക്ഷണിച്ചിരുന്നു . കൃഷി അസ്സിസ്റ്റന്റുമാരുടെ സ്റ്റേഷൻ സീനിയോറിറ്റിക്ക് പകരം ജില്ലാ സീനിയോറിറ്റി കണക്കാക്കി അന്തർ ജില്ലാ സ്ഥലമാറ്റം ഡയറക്ടർ തലത്തിലും ജില്ലാതലസ്ഥലമാറ്റം പ്രിൻസിപ്പൽ കൃഷി ഓഫീസർ തലത്തിലും നടപ്പിലാക്കണമെന്നു സർക്കാർ നിർദ്ദേശം നൽകിയിരുന്നു .
കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2023 - വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അന്തർ ജില്ലാ സ്ഥലമാറ്റത്തിന്റെ ( Inter District Transfer) അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുകയും പ്രസ്തുത അപേക്ഷകൾ നിശ്ചിതസമയപരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിന് നിർദേശം നൽകുകയും ചെയ്തിരുന്നു . കൂടാതെ അനുകമ്പാർഹ കാരണങ്ങളാൽ സ്ഥല ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന് നൽകുകയും ആയതിൽ ശുപാർശ രേഖപ്പെടുത്തി നൽകിയ അപേക്ഷകൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോട് കൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച കൃഷി അസിസ്റ്റന്റ് /അസ്സിസ്റ്റന്റ് കൃഷി ഓഫിസർ തസ്തികയിലെ 2023 - വർഷത്തെ പൊതുസ്ഥലമാറ്റ അപേക്ഷകളും, അനുകമ്പാർഹ പരിഗണനയ്ക്ക് . അർഹമാണെന്ന് മെഡിക്കൽ ബോർഡ് തീരുമാനിച്ച SPARK- മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി അപേക്ഷകളും പ്രോസസ്സ് ചെയ്തു ലഭിച്ച കൃഷി അസിസ്റ്റന്റ് /അസ്സിസ്റ്റന്റ് കൃഷി ഓഫിസർ തസ്തികയിലെ 2023 - വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റത്തിന്റെ (INTER DISTRICT TRANSFER ) കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഈ കരട് സ്ഥലം മാറ്റ ഉത്തരവിന്മേൽ 13 / 12/ 2023 തീയതി വരെ ആക്ഷേപങ്ങൾ / പരാതികൾ എന്നിവ സ്വീകരിച്ചിട്ടുള്ളതും, ആയത് പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിച്ചിട്ടുള്ളതും, ഇപ്രകാരം ഈ തീയതി വരെ ലഭിച്ച ആക്ഷേപങ്ങൾ / പരാതികൾ

എന്നിവ പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിച്ച് SPARK- മുഖേന പ്രോസസ്സ് ചെയ്ത് ലഭിച്ച കൃഷി അസിസ്റ്റൻ്റ്/ അസ്സിസ്റ്റൻറ്റ് കൃഷി ഓഫിസർ തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിൻ്റെ (Inter District Transfer) അന്തിമ ഉത്തരവ് / ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെ 2022 പൊതുസ്ഥലംമാറ്റത്തിൽ നിർബന്ധമായും ജില്ലക്ക് പുറത്തു പോയ ജീവനക്കാർക്ക് അവർ ഏതു ജില്ലയിൽ നിന്നാണോ പോയത് ആ ജില്ലയിലേക്ക് മടങ്ങി വരുന്നതിനായി അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെ 2022 അന്തിമ പൊതു സ്ഥലം മാറ്റ അന്തിമഉത്തരവിനോടൊപ്പം annexure ആയി ചേർത്ത പട്ടികയിലെ ജീവനക്കാർക്ക് അനുബന്ധ ലിസ്റ്റിൽ പറഞ്ഞിട്ടുള്ള ജില്ലയിലേക്ക് അലോട്ട് ചെയ്യുന്നതിന് പരാമർശ (7) പ്രകാരം ഉത്തരവായിരുന്നു .എന്നാൽ തിരുവനന്തപുരം ,കൊല്ലം ,കണ്ണൂർ ജില്ലകളിൽ അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെ open / replacement വാക്കൻസി കുറവായിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട എല്ലാ അസിസ്റ്റന്റ് കൃഷി ഓഫീസർ മാർക്കും പരിഗണന ലഭിച്ചിട്ടില്ല അപ്രകാരമുള്ള ജീവനക്കാർക്ക് അടുത്ത പൊതു സ്ഥലം മാറ്റത്തിൽ പരിഗണന നൽകുന്നതായിരിക്കും.

SPARK- ൽ രേഖപ്പെടുത്തിയ സർവീസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ ഓൺലൈൻ സ്ഥലമാറ്റം NIC സോഫ്റ്റ് വെയറിലൂടെ വകുപ്പ് നടപ്പിലാക്കിവരുന്നത്. സൂചന 1-ലെ സർക്കാർ ഉത്തരവിൽ priority, claim ചെയ്യുന്നവർ ഓൺലൈൻ അപേക്ഷ സമർപ്പിക്കാതെ പ്രസ്തുത priority certificate -മാത്രം സ്പാർക്കിൽ upload ചെയ്യുന്നതിനു നിർദേശം നൽകിയിരുന്നു .

അന്തർ ജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചിരുന്ന സർക്കുലറിൽ കൃഷി അസിസ്റ്റന്റ്/ അസ്സിസ്റ്റൻറ്റ് കൃഷി ഓഫിസർ തസ്തികയിൽ പൊതുസ്ഥലമാറ്റം 2- ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ ഡയറക്ടർ അന്തർ ജില്ലാ സ്ഥലംമാറ്റവും രണ്ടാം ഘട്ടത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ജില്ലാതല സ്ഥലമാറ്റങ്ങളും നടപ്പിലാക്കും. മേൽ സാഹചര്യത്തിൽ ഈ ഉത്തരവിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന (INTER DISTRICT TRANSFER ) വിവിധ ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫിസർമാർ ജില്ലയ്ക്കുള്ളിലെ (INTRA DISTRICT TRANSFER ) അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ തൽസ്ഥാനത്ത് തുടരേണ്ടതാണ്. ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന പ്രസ്തുത ജീവനക്കാർക്ക് ഇപ്പോൾ ജോലിനോക്കുന്ന ഓഫീസിൽ നിന്ന്, സ്ഥലമാറ്റം ലഭിച്ച ജില്ലയിലെ വിവിധ സ്റ്റേഷനുകളിലേക്ക് / ഓഫീസുകളിലേക്ക് ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസരം സ്പാർക്കിൽ ലഭ്യമാക്കിയിട്ടുണ്ട് വിശദവിവരങ്ങളടങ്ങിയ നോട്ടിഫിക്കേഷൻ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു .

BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക് ( മേലധികാരി മുഖേന)

2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫിസർമാർക്കും

3) കൃഷി ഡെപ്യൂട്ടി ഡയറക്ടർ(IT CELL) - ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

Administrative Assistant - I(i/c)
Directorate of Agriculture Development
and Farmers' Welfare Department
Vikas Bhavan, Thiruvananthapuram-33